വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ&ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ വരുമാനത്തിന്റേയും മാർക്കിന്റേയും അടിസ്ഥാനത്തിൽ നാഷണൽ മെരിറ്റ് സ്കോളർഷിപ്പ്, ടീച്ചേഴ്സ് മെരിറ്റ് സ്കോളർഷിപ്പ്, ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ കുമാരപിള്ള കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഫീസ് ഇളവും അനുവദിക്കുന്നുണ്ട്.

അന്ധ-വികലാംഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയനുസരിച്ച് ബുക്ക് അലവൻസും താമസച്ചെലവും നൽകുന്നുണ്ട്. അന്ധ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ ഫീസാനുകൂല്യത്തിന് അർഹതയുണ്ട്. ഹോസ്റ്റലിൽ താമസിക്കുന്ന നാഷണൽ മെരിറ്റ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസും നൽകുന്നുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) എ, ബി, സി എന്നീ ചോദ്യങ്ങളുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നം ഉദിക്കുന്നില്ല.

ഏരിയ ഇന്റൻസീവ് സ്കീം പ്രകാരം സ്ഥാപിച്ച സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ നടപടി

17(*284) ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. സി. ടി. അഹമ്മദ് അലി:
ശ്രീ. പി. കെ. അബ്ദുറബ്ബ്:
ശ്രീ. ടി. പി. എം. സാഹിർ:
ശ്രീ. സി. മൊയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇന്റൻസീവ് സ്കീം പ്രകാരം കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ സ്ഥാപിച്ച സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ&ബി) 22-6-1995-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 2075/95 എസ്. വൈ.എ.പ്രകാരം സംസ്ഥാനത്ത് ഏരിയ ഇന്റൻസീവ് സ്കീം അനുസരിച്ച് 41 സ്കൂളുകൾ തുടങ്ങുവാൻ അനുമതി നൽകിയിരുന്നു. അതിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 35 സ്കൂളുകളിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും സർക്കാർ സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പള സ്കെയിലിന്റെ മിനിമം നിരക്കിൽ ശമ്പളം നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഫയൽ ചെയ്ത ഒരു ഒ. പി.യിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്.

---

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly